**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3019** **25-10-2021 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ നിയോജകമണ്ഡലത്തിലെ നിർമ്മാണപ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ നിയോജകമണ്ഡലത്തിലെ തെക്കിബസാർ ഫ്ലൈ ഓവർ, മേലെച്ചൊവ്വ അണ്ടർപാസ് എന്നീ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | തെക്കിബസാർ ഫ്ളൈഓവർ:- പദ്ധതിയുടെ ഭൂമിയേറ്റെടുക്കലിന് ആവശ്യ മായ നഷ്ടപരിഹാര തുക നിർണയിക്കുന്ന തിനുവേണ്ടി ഭൂമിയുടെയും കെട്ടിടങ്ങളുടെയും വില നിർണയം ലാന്റ് അക്വസിഷൻ ഓഫീസർ മുഖേന പുരോഗമിച്ച് വരികയാണ്. മേലെചൊവ്വ അണ്ടർപാസ്.- പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലിന് 19(1) പ്രഖ്യാപനം നടത്തിയിട്ടുള്ളതും ആവശ്യ മായ നഷ്ടപരിഹാരതുക ലാന്റ് അക്വസിഷൻ ഓഫീസർക്ക് കൈമാറി യിട്ടുള്ളതും ഭൂമി ഏറ്റെടുക്കൽ നടപടി അന്തിമ ഘട്ടത്തിലുമാണ്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്ക് എന്തെങ്കിലും തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മേലെചൊവ്വ അണ്ടർപാസ്, തെക്കി-ബസാർ ഫ്ളൈഓവർ എന്നീ പദ്ധതികളോടൊന്നിച്ച് കണ്ണൂർ നഗരത്തിൽ നടപ്പാക്കി വരുന്ന സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ സംയോജന ഭാഗം നേർരേഖയിലാണ് എന്ന് ഉറപ്പുവരുത്തുന്നതിനായി നടത്തിയ സംയുക്ത പരിശോധനയിൽ ഇരു പദ്ധതികളുടെയും മദ്ധ്യരേഖയിൽ ചെറിയ വ്യതിയാനം ഉള്ളതായി കണ്ടെത്തി യിട്ടുണ്ട്. ടി പ്രശ്നം പരിഹരിക്കുന്നതിന് ഏതാനും ഭൂമി കൂടി ഏറ്റെടുക്കേണ്ടതുണ്ട്. ആയതിന്റെ വിസ്തീർണ്ണം സർവ്വെ നമ്പർ എന്നിവ തിട്ടപ്പെടുത്തുന്നത് പൂർത്തിയായി ട്ടുള്ളതും ടി ഭൂമിയും അതിലുൾപ്പെട്ട കെട്ടിടങ്ങളും ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള അന്തിമ നടപടി യിലുമാണ്. ഇത് തുടങ്ങിയിട്ടുള്ള എൽ.എ. നടപടികൾക്ക് തടസ്സമല്ല. |
| (സി) | പ്രസ്തുത നിർമ്മാണപ്രവൃത്തികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ആയത് എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | ഭൂമി ഏറ്റെടുത്ത് ലഭിക്കുന്ന മുറക്ക് ഉദ്ദേശം രണ്ട് വർഷക്കാലയളവിനുള്ളിൽ ടി പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ